# കേരള സർക്കാർ
# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4681 - 20.10.2011- ൽ മറുപടിക്ക്

### ടെർമിനൽ സറണ്ടർ

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. സി. കൃഷ്ണൻ | ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രീ. കെ.എം.മാണി |
| (എ) | സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരന് നൽകുന്ന ടെർമിനൽ സറണ്ടർ റിട്ടയർമെന്റ് ആനുകൂല്യമാ ണോയെന്ന് വ്യക്തമാക്കാമോ; | വിരമിക്കുന്ന ജീവനക്കാർക്ക് സർവ്വീസിലെ അവസാനമാസം വാങ്ങിയ യഥാർത്ഥശമ്പളത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്ന ടെർമിനൽ ആർജ്ജിത അവധി ശമ്പളം ഒരു ടെർമിനൽ ആനുകൂല്യമാണ്. |
| (ബി) | സർവ്വീസിൽ നിന്നും വിരമിച്ച ശേഷം മുൻകാല പ്രാബല്യത്തിൽ സ്ഥാനക്കയററം ലഭിച്ചാൽ റിട്ടയർമെന്റ് ആനുകൂല്യമെന്ന നിലയിൽ ടെർമിനൽ സറണ്ടറിന് കുടിശ്ശിക നൽകുന്നതിന് നിയമതടസ്സമുണ്ടോ; | ചോദ്യത്തിൽ പരാമർശിക്കുന്ന ഉദ്യോഗ കയററം നോഷണൽ അല്ലെങ്കിൽ ശമ്പള നിർണ്ണയത്തിനും ടെർമിനൽ സറണ്ടർ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കും പരി ഗണിക്കുന്നതാണ്.നോഷണൽ ആണെങ്കിൽ പെൻഷനറി ആനുകൂല്യത്തിനു മാത്രമേ കണക്കാക്കപ്പെടുകയുള്ളു. ടെർമിനൽ സറണ്ടർ ഉൾപ്പെടെയുള്ള മററാനുകൂല്യ ങ്ങൾക്ക് പരിഗണിക്കപ്പെടുന്നില്ല. |

| | | |
|---|---|---|
| (സി) | ഉണ്ടെങ്കിൽ ഏത് ചട്ടമനുസരിച്ചാണെന്ന് വ്യക്തമാക്കാമോ? | കേരള സർവ്വീസ് റൂൾസ്, ഭാഗം I, ചട്ടം 23 (C) അനുസരിച്ച് നോഷണൽ പ്രൊമോഷൻ നൽകപ്പെടുന്നവർക്ക്, ഉയർന്ന തസ്തികയിലെ ശമ്പളത്തിനും ബത്തയ്ക്കും അർഹത ഇല്ല. സർവ്വീസിലെ അവസാന മാസം വാങ്ങിയ യഥാർത്ഥ ശമ്പളത്തിന്റെ അടിസ്ഥാനത്തിലാണ് ടെർമിനൽ സറണ്ടർ അവധി ശമ്പളം കണക്കാക്കേണ്ടത്. ആയതിനാൽ ആർജിത അവധി ടെർമിനൽ സറണ്ടർ ചെയ്യുമ്പോൾ അവധി ശമ്പളം കണക്കാക്കുന്നതിന് നോഷണൽ ശമ്പളം പരിഗണിക്കുകയില്ല. |

സെക്ഷൻ ഓഫീസർ